UNLICENSED TREES—TAPPING OF

238. മിസ്റ്റർ കെ. എസ്സ്. പണിക്കർ.—

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പണം അടക്കാത്ത വൃക്ഷങ്ങൾ വ്യാജമായി ചെത്തിച്ചുവരുന്നതായി ചാലക്കുടി റെയിഞ്ചു് എക്സൈസ്സു് സബ്ബു് ഇൻസ്പെക്ടർ അവർകളെ സംബന്ധിച്ചു അധികൃതന്മാർക്കു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടിയാണു് എടുത്തതു്;

(സി) ആക്ഷേപസംഗതികൾ എന്തെല്ലാം;

(ഡി) അതിനെ സംബന്ധിച്ചു നടത്തിയ അന്വേഷണത്തിന്റെ ഫലം എന്താണു്;

(ഇ) അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതു് ആരാണു്;

(എഫ്) പ്രസ്തുത ആക്ഷേപഹർജ്ജിയിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങൾ ഒഴിച്ചു വേറെ വൃക്ഷങ്ങൾ ഇതുപോലെ വ്യാജമായി ചെത്തിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുകയൊ അന്വേഷിപ്പിക്കുകയൊ ഉണ്ടായോ;

(ജി) അവിടത്തെ എക്സൈസ്സു് സബ്ബു് ഇൻസ്പെക്ടർ ആരാണു്?

മിസ്റ്റർ സി. ജെ. മാത്യു.—

(എ) അങ്ങിനെ ഒരു ആക്ഷേപം കിട്ടിയതായി യാതൊരു അറിവുമില്ല.

(ബി), (സി), (ഡി), (ഇ) & (എഫ്) ഉത്തരം ആവശ്യമില്ല.

(ജി) മിസ്റ്റർ സി. എൽ. തോമസ്സു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether after the receipt of this question by the office any enquiry with regard to (*b*) and (*f*) had been made?

Mr. C. J. Mathew *(Joint Secretary to Government):* No. There was no complaint at all to be enquired into.

Mr. C. V. Iyyu *(Kunnamkulam):* We find it difficult, on a matter of representation when the Excise Commissioner is absent, to put any more questions and get proper answers.

TODDY SHOP—MADAKKATHARA

239. മിസ്റ്റർ കെ. എസ്സ്. പണിക്കർ —

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മാടക്കാത്തു കള്ളുഷാപ്പു ലേലക്കാരൻ ഇപ്പോൾ ആരാണു്;

(ബി) അയാളുടെ ഷാപ്പിലേക്കു വൃക്ഷനികുതി (tree-tax) അടച്ചു ചെത്തിച്ചുവരുന്ന തെങ്ങുകൾക്കു മുദ്ര വെക്കാത്തതുമൂലം തൃശ്ശിവപേരൂർ താലൂക്കു സബ്ബു് ഇൻസ്പെക്ടർ അവർകൾ പിടിച്ചു കേസ്സാക്കിയിരിക്കുന്നു എന്നും തന്മൂലം വളരെ നഷ്ടം തനിക്കു നേരിട്ടിരിക്കുന്നു എന്നും മറ്റും ആ ഷാപ്പുലേലക്കാരൻ അധികൃതന്മാരുടെ അടുക്കൽ പരാതിപ്പെട്ടിട്ടില്ലേ;

(സി) ഉണ്ടെങ്കിൽ ആ കാര്യത്തിൽ കമ്മീഷണർ അവർകൾ എന്തൊക്കെയാണു് ചെയ്തതു്;

(ഡി) പ്രസ്തുത തെങ്ങുകൾക്കു മുദ്രവെക്കാത്ത കാരണത്താൽ തൃശ്ശിവപേരൂർ താലൂക്കു സബ്ബു് ഇൻസ്പെക്ടർ പിടിച്ചു കേസ്സാക്കുവാൻ പോകുന്നതായറിയുന്നു എന്നു് വടക്കെ സർക്കിൾ ഇൻസ്പെക്ടർ അവർകളെ ആരെങ്കിലും മുൻകൂട്ടി അറിയിച്ചിരുന്നുവോ;

(ഇ) താലൂക്കു സബ്ബു് ഇൻസ്പെക്ടർ അവർകളുടെ ഈ പ്രവൃത്തിമൂലം പ്രസ്തുത ഷാപ്പു സമസ്ഥനു് ഉദ്ദേശം എത്ര ഉറുപ്പിക നഷ്ടം നേരിട്ടിട്ടുണ്ടാകും;

(എഫ്) മാടാക്കാത്താലൂക്കിൽ പ്രത്യേകം നിയമിതരായിട്ടുള്ള താലൂക്കു സബ്ബു് ഇൻസ്പെക്ടർമാരുടെ പ്രധാന ജോലികൾ എന്തെല്ലാം?

മിസ്റ്റർ സി. ജെ. മാത്യു.—

(എ) പി. വി. കൃഷ്ണൻ, പൂമംഗലം, ഇരിങ്ങാലക്കുട & കാനാടി അന്തോണി, എടക്കുന്നി വില്ലേജു് തൃശ്ശിവപേരൂർ താലൂക്കു്.

(ബി) ഉണ്ടു്.

(സി) പ്രതിയേയും സാധനങ്ങളേയും വിട്ടുകൊടുത്തു.

(ഡി) ഇല്ല.

(ഇ) യാതൊരു നഷ്ടവും നേരിട്ടിട്ടില്ല.

(എഫ്) രാജ്യരക്ഷാനിയമപ്രകാരമായ കേസ്സുകൾ പിടിച്ചു റിപ്പോർട്ടു് ചെയ്യുന്നതു കൂടാതെ അബ്കാരി മുതലായ ആക്ടുകൾക്കു് വിരോധമായി പ്രവൃത്തിക്കുന്ന കേസ്സുകൾ പിടിക്കുന്നതിനും മറ്റും.

LIBRARY ARCHIVES Kerala Legislative Assembly